(ബി&സി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഓപ്റ്റ് ചെയ്ത് ജില്ലയിൽ, വേക്കൻസിയുടെ ലഭ്യത അനുസരിച്ച്, അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നതിനായി മുൻഗണന നൽകുന്നുണ്ട്. എന്നാൽ ഇത്തരം സ്ഥലംമാറ്റത്തിന് വകുപ്പുതല മുൻഗണനയൊന്നും നൽകുന്നില്ല.

(ഡി) ഒരു ജില്ലയിൽ ഒരു വർഷമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം അന്തർജില്ലാ സ്ഥലംമാറ്റംവഴി നികത്താവുന്നതാണെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിക്കപ്പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഓപ്റ്റ് ചെയ്ത ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് പ്രത്യേക ശതമാനമൊന്നും നിശ്ചയിച്ചിട്ടില്ല.

(ഇ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിക്കപ്പെട്ട്, ഓപ്റ്റ് ചെയ്ത ജില്ലയിലേക്ക് സ്ഥലംമാറ്റത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുതലവൻമാർക്ക് അയച്ചുകൊടുക്കുകയും ടി വകുപ്പുകളിലുള്ള വേക്കൻസിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിഗണിക്കുകയുമാണ് ചെയ്തു വരുന്നത്.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ഒഴിവുകൾ

14 (4449) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ഒഴിവുകൾ പി.എസ്.സി.ക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനെതിരെ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തിനാണ് റിട്ട് ഫയൽ ചെയ്തതെന്ന് വിശദമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി.(വിവിധ വകുപ്പുകൾ) റാങ്ക് ലിസ്റ്റിൽ നിന്നും 16-1-2002-ന് ശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവില്ലാതെ എത്ര എൽ.ഡി.സി. നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) എൽ.ഡി.സി. (വിവിധ വകുപ്പുകൾ) തിരുവനന്തപുരം ജില്ലയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ താല്ക്കാലിക നിയമനങ്ങൾ പാടില്ലെന്നുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അധിക ജീവനക്കാരുടെ പുനർവിന്യാസം പൂർത്തിയാക്കാൻ സമയം ലഭിക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

സുവർണ്ണ ജൂബിലി വർഷത്തിൽ താൽക്കാലിക നിയമനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്കക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

15 (4450) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തിൽ 1-1-1997 മുതൽ 14-8-1998 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന താല്ക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താല്ക്കാലിക നിയമനം നേടിയ വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയ ഉത്തരവ് പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗത്തിൽപ്പെട്ട വികലാംഗരല്ലാത്ത താല്ക്കാലിക ജീവനക്കാർക്കുകൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമോ ;

(സി) ഇപ്രകാരം സർവ്വീസിൽ നിന്നും പിരിച്ചുവിട്ട മേൽ വിഭാഗം ജീവനക്കാർക്ക് പുനർനിയമനം നൽകി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സർക്കാരിന്റെ പരിഗണനയിലില്ല.

ആലപ്പുഴ ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് പ്രസിദ്ധീകരിച്ചിട്ടുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്

16 (4451) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് പ്രസിദ്ധീകരിച്ചിട്ടുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണെന്നും ഈ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly